# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ണമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2025-2026**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 23/1894/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 08/09/2026
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡൻറ് (സെക്രട്ടറി മുഖേന)
കണ്ണമംഗലം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം 23/1894/2026 തീയ്യതി: 08/09/2026

## മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-08-2025 മുതൽ 21-07-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-08-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അശറഫ് പെരുമ്പള്ളി കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 22-07-2026 | 04-08-2026 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-07-2026 | 04-08-2026 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സൽമത്ത് ടി പി, ഓഡിറ്റ് ഓഫീസർ
ശ്രീ.ഷജീർ കെ ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അനീത് ബാബു കെ ടി ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് ഫാസിൽ ടി ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഹംസ യു.എം. | പ്രസിഡന്റ് | 01-04-2025 | 20-12-2025 |
| ശ്രീ.രമേഷ് പി | സെക്രട്ടറി | 01-04-2025 | 07-07-2025 |
| ശ്രീമതി.ഷംലി ഐ.പി | സെക്രട്ടറി | 08-07-2025 | 15-07-2025 |
| ശ്രീ.ജോസ് ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-07-2025 | 30-07-2025 |
| ശ്രീമതി.ഷംലി ഐ.പി | സെക്രട്ടറി | 31-07-2025 | 29-09-2025 |

| | | | |
|---|---|---|---|
| ശ്രീ.ജോസ് ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-09-2025 | 16-11-2025 |
| ശ്രീമതി.പാർവ്വതി | സെക്രട്ടറി | 17-11-2025 | 27-12-2026 |
| ശ്രീ.ജോസ് ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-12-2025 | 18-01-2026 |
| ശ്രീ.വിവേക് രാജ് ആർ | സെക്രട്ടറി | 19-01-2026 | 26-01-2026 |
| ശ്രീ.ജോസ് ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-01-2026 | 04-02-2026 |
| ശ്രീ.വിവേക് രാജ് ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-02-2026 | 15-03-2026 |
| ശ്രീ.ജോസ് ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-03-2026 | 31-03-2026 |
| ശ്രീമതി.സമീറ പുളിക്കൽ | പ്രസിഡന്റ് | 27-12-2025 | 31-03-2026 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോസ് ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2025 | 31-03-2026 |
| ശ്രീമതി.ബിന്ദു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2025 | 31-03-2026 |
| ഡോ.ഫൗസിയ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)) | 01-04-2025 | 12-09-2025 |
| ഡോ.മുഹമ്മദ് നിയാസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)) | 13-09-2025 | 31-03-2026 |
| ഡോ.ഫാത്തിമ ഫായിസ യു | വെറ്ററിനറി സർജൻ | 01-04-2025 | 31-03-2026 |
| ഡോ.നഹ്ല.പി.എം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2025 | 31-03-2026 |
| ഡോ.ഫാത്തിമ ഷബാന | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2025 | 31-03-2026 |
| ശ്രീ.ബിനു സുധാകർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2025 | 03-01-2026 |
| ശ്രീമതി.ഷാമില എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 04-01-2026 | 31-03-2026 |
| ശ്രീ.അബ്ദു സലീം വില്ലൻ | കൃഷി ഓഫീസർ | 01-04-2025 | 05-10-2025 |
| ശ്രീമതി.സനിത.പി.പി | വി.ഇ.ഒ | 01-04-2025 | 31-03-2026 |
| ശ്രീ.സുജീഷ്.സി | വി.ഇ.ഒ | 01-04-2025 | 31-03-2026 |
| ശ്രീ.രവി ചന്ദ്രൻ | ഹെഡ്മാസ്റ്റർ | 01-04-2025 | 31-03-2026 |
| ശ്രീ.അമൽ നാഥ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2025 | 31-03-2026 |
| ശ്രീമതി.അനഘ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 10-10-2025 | 31-03-2026 |
| ശ്രീമതി.ബബിത പി. | കൃഷി ഓഫീസർ | 06-10-2025 | 31-03-2026 |
| ശ്രീ.ഇബ്രാഹീം കുട്ടി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2025 | 09-10-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും കെ-സ്മാർട്ടിലെ വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | ചട്ടപ്രകാരമുള്ള കുറിപ്പുകൾ, അനുപാതങ്ങൾ, മുൻവർഷ താരതമ്യ തുകകൾ എന്നിവ ഉൾപ്പെടുത്തിയില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല- ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-3 |
| 5 | CFC, ഇനത്തിൽ അവശേഷിക്കുന്ന തുക ബാങ്ക് അക്കൗണ്ട് തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | NPS Contribution തുല്യമല്ല | 1-1-5 |
| 7 | ചെക്ക് തുക കളക്ഷനായില്ല | 1-1-6 |
| 8 | വാർഷിക സ്റ്റോക്ക് മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-7 |
| 9 | ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല | 1-1-8 |
| 10 | മുൻകൂർ തുകകൾ (Advance) പ്രത്യേകം Head Of Accountൽ സൂക്ഷിക്കുാത്തതിനാൽ മുൻകൂറ് വരവ് തുകയുടേയും മുൻകൂർ അനുവദിച്ചതിന്റേയും കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല | 1-1-9 |
| 11 | അഡ്വാൻസ് റ്റു അദേഴ്സ് എന്നതിലെ കൃത്യത ഉറപ്പുവരുത്താനായില്ല | 1-1-10 |
| 12 | യഥാർത്ഥത്തിൽ വരവ്, ചെലവ് ആകാത്ത തുകകൾ രസീറ്റ് ആന്റ് പേയ്മെന്റ് പത്രികകയിൽ ഉൾപ്പെടുത്തി | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | ധനകാര്യ വിശകലനം | 1-3 |
| 15 | ഫണ്ട് വിനിയോഗം 2025-26 (ACR പ്രകാരം) | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമപദ്ധതികൾ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | ഹരിത കർമ്മസേനാംഗങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-11 |
| 23 | ഇലക്ഷൻ ഡെപ്പോസിറ്റ് തുക തനത് ഫണ്ടിലേക്ക് കണ്ടുകെട്ടിയില്ല | 1-12 |
| 24 | വട്ടപൊന്ത എം.ഇ.എസ് സെൻട്രൽ സ്കൂളിൽ നിന്ന് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല | 1-13 |
| 25 | ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശരിയായ പ്ലിന്ത് ഏരിയ വസ്തു നികുതി കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-14 |
| 26 | മരച്ചീനി ഉൾപ്പെടെയുള്ള കിഴങ്ങ് വിള കൃഷി പ്രോത്സാഹനം പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-15 |
| 27 | ഇടപാടുകൾ നടത്താത്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തില്ല | 1-16 |
| 28 | CMDRF ലേക്കുള്ള ഡോണേഷൻ അടവാക്കിയില്ല | 1-17 |
| 29 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-18 |
| 30 | വിവാഹ ധനസഹായം എസ് സി -₹30000 അധികം നൽകി | 1-19 |
| 31 | മരുന്ന് വാങ്ങൽ -മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. | 1-20 |
| 32 | അഡ്വാൻസ് നൽകിയ തുകക്കുള്ള മരുന്ന് ലഭ്യമാവാനവശേഷിക്കുന്നു. | 1-21 |
| 33 | എല്ലാ വാഹനങ്ങളുടെയും വിവരങ്ങൾ VEELS ൽ രജിസ്റ്റർ ചെയ്തിട്ടില്ല. | 1-22 |
| 34 | പൂർത്തീകരണ വിവരം/ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-23 |
| 35 | ലൈബ്രറി സെസ്സ് യഥാസമയം അടവാക്കിയില്ല. | 1-24 |

| | | |
|---|---|---|
| 36 | ജി.എസ്.ടി-ടി.ഡി.എസ് നടത്താത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-25 |
| 37 | എല്ലാ സാമ്പത്തിക ഇടപാടുകളും കാഷ് ബുക്കിൽ പ്രതിഫലിക്കുന്നില്ല | 1-26 |
| 38 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു. | 1-27 |
| 39 | വൈകി കരാർ വെച്ചതിന് ഫൈൻ ഈടാക്കിയില്ല | 1-28 |
| 40 | ടെമ്പററി അഡ്വാൻസിലെ 36,000 രൂപ ക്രമീകരിച്ചില്ല | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | വിവാഹ ധനസഹായം എസ് സി - 30000 രൂപ അധികം നൽകി | 3-1 |
| 2 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ മാർഗ്ഗരേഖ ലംഘനം 15000 രൂപ അധികം നൽകി | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നിൽകിയതിന്റ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം 2025-26 | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ തിരിച്ചടവിന്റെ വിവരം | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കണ്ണമംഗലം ഗ്രാമ പഞ്ചായത്തിന്റെ 2026 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2026 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 25.06.2026 തീയതിയിലെ 17/1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 25.06.2026 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അബ്ദുറഹിമാൻ നഗർ ഗ്രാമ പഞ്ചായത്തിന്റെ 2025-26 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2026 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2026 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
തീയതി : 08.09.2026

## 1-1-1 ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും കെ-സ്മാർട്ടിലെ വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

25-06-2026 ന് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര യോഗത്തിൽ 17(1) പ്രകാരം വാർഷിക ധനകാര്യ പത്രിക അംഗീകരിച്ച് എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ, എയിംസ് സോഫ്റ്റ്‌വെയറിൽ സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും ഗ്രാമപഞ്ചായത്തിലെ കെ-സ്മാർട്ടിൽ ഓഡിറ്റ് വേളയിൽ (03-08-2026) ന് പരിശോധിച്ച വാർഷിക ധനകാര്യപത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**ബാലൻസ് ഷീറ്റ് 2025-26 (31-03-2026)**

| ഇനം | ഓഡിറ്റിന് സമർപ്പിച്ച ബാലൻസ് ഷീറ്റ് | കെ-സ്മാർട്ടിൽ നിന്ന് ലഭ്യമാകുന്ന ബാലൻസ് ഷീറ്റിലെ തുകകൾ | വ്യത്യാസം |
|---|---|---|---|
| Total Reserve & Surplus | 176114475 | 175764475 | 350000 |
| Total Grants, Contributions | 44086273 | 44086273 | 0 |

| | | | |
|---|---|---|---|
| For Specific Purposes | | | |
| Total Loans | 21415616 | 21415616 | 0 |
| Total Current Liabilities And Provisions | 4224916 | 4224916 | 0 |
| **Total LIABILITY** | **245841280** | **245491280** | **350000** |
| Total Fixed Assets | 58594729 | 58594729 | 0 |
| Total Investments | 15000000 | 15000000 | 0 |
| Total Current Assets, Loans And Advances | 172246551 | 171896551 | 350000 |
| **TOTAL ASSET** | **245841280** | **245491280** | **350000** |

**INCOME & EXPENDITURE STATEMENT 2025-26 (31-03-2026)**

| ഇനം | ഓഡിറ്റിന് സമർപ്പിച്ച ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | കെ-സ്മാർട്ടിൽ നിന്ന് ലഭ്യമാകുന്ന ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ തുകകൾ | വ്യത്യാസം |
|---|---|---|---|
| Total Income | 233607034 | 233607034 | 0 |
| Total Expenditure | 229040837 | 229390837 | -350000 |
| Gross Surplus / Deficit Of Income Over Expenditure | 4566197 | 4216197 | 350000 |
| Prior Period Item | 342350 | 342350 | 0 |
| Gross Surplus/Deficit Of Income Over Expenditure After Prior Period Items | 4223847 | 3873847 | 350000 |

**RECEIPT & PAYMENT STATEMENT 2025-26 (31-03-2026)**

| ഇനം | ഓഡിറ്റിന് സമർപ്പിച്ച റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | കെ-സ്മാർട്ടിൽ നിന്ന് ലഭ്യമാകുന്ന ഇറസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ തുകകൾ | വ്യത്യാസം |
|---|---|---|---|
| Opening Balance | 66106651 | 66106651 | 0 |
| TOTAL RECEIPT | 186371699 | 218642442 | 32270743 |
| GRAND TOTAL (Opening Balance+ Receipt) | 252478350 | 284749093 | 32270743 |
| TOTAL PAYMENT | 183532165 | 183882165 | 350000 |
| Closing Balance | 68946185 | 100866928 | 31920743 |
| GRAND TOTAL (Payment + Closing Balance) | 252478350 | 284749093 | 32270743 |

*ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/04-08-2026) കെ-സ്മാർട്ടിലെ സാങ്കേതിക തകരാർ മൂലമാണ് റിപ്പോർട്ടുകളിൽ മാറ്റം വന്നിട്ടുള്ളത് എന്നും മേൽ അപാകത പരിഹരിക്കുന്നതിന് ഐ.കെ.എമ്മിൽ 23-07-2026 ന് 62533 നമ്പർ പ്രകാരം കംപ്ലയിന്റ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും മറുപടിയായി അറിയിച്ചു. അപാകത പരിഹരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.*

## 1-1-2 ചട്ടപ്രകാരമുള്ള കുറിപ്പുകൾ, അനുപാതങ്ങൾ, മുൻവർഷ താരതമ്യ തുകകൾ എന്നിവ ഉൾപ്പെടുത്തിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല- ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 80)) കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

## 1-1-4 CFC, ഇനത്തിൽ അവശേഷിക്കുന്ന തുക ബാങ്ക് അക്കൗണ്ട് തുകയുമായി പൊരുത്തപ്പെടുന്നില്ല.

AFS B-4 ( Contribution For Specific Purposes) പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുകകൾ B-17 ( Cash And Bank Balance ) ൽ കാണിച്ച ഇതേ ആവശ്യത്തിനുള്ള ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | B-4 പ്രകാരം | B-17 പ്രകാരം | വ്യത്യാസം |
|---|---|---|---|
| CFC(Tied+Untied) + Bloc Joint Ventrue | 10478201+8472937+155122=19106260 | 19107902 | −1642 |

മേൽ അപാകത 2026-27 ൽ പരിഹരിച്ചിട്ടുണ്ട്.

## 1-1-5 NPS Contribution തുല്യമല്ല

Schedule B8: Other Liabilities എന്ന ഷെഡ്യൂളിലെ ലെ NPS Employee വിഹിതവും (Rs.59239) NPS Employer വിഹിതവും (Rs. 63571) പൊരുത്തപ്പെടുന്നില്ല. ജീവനക്കാരുടെ വിഹിതത്തിന് തത്തുല്യമായിട്ടാണ് (10%) തൊഴിലുടമയിൽ നിന്ന് വിഹിതം ഈടാക്കി എൻ.പി.എസ് പദ്ധതിയിൽ വരവ് വെക്കേണ്ടത്.

## 1-1-6 ചെക്ക് തുക കളക്ഷനായില്ല

State Bank Of India ,Vengara (E Payment -67387647085) അക്കൗണ്ടിൽ Cheques Deposited But Not Collected (Old) എന്ന ഹെഡിൽ 31-03-2017 മുതലുള്ള തുക 12235 രൂപ നാളിതു വരെ കളക്ഷനായില്ല

## 1-1-7 വാർഷിക സ്റ്റോക്ക് മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

വാർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ B-14 Stock In Hand (Inventories)എന്ന ഷെഡ്യൂളിൽ തുക രേഖപ്പെടുത്തിയിട്ടില്ല.

## 1-1-8 ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല

ബാലൻസ് ഷീറ്റ് ബി-17 ഇലക്ഷൻ ഡെപ്പോസിറ്റ് തുക 167500 രൂപ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല.

## 1-1-9 മുൻകൂർ തുകകൾ (Advance) പ്രത്യേകം Head Of Accountൽ സൂക്ഷിക്കുാത്തതിനാൽ മുൻകൂറ് വരവ് തുകയുടേയും മുൻകൂർ അനുവദിച്ചതിന്റേയും കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല

**അഡ്വാൻസ് കളക്ഷൻ**

തൻ വർഷം റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് R15-Advance Collection 3504101- Advance Collection Of Revenues എന്ന ഹെഡ് പ്രകാരം 318381 രൂപ കളക്ട് ചെയ്തിട്ടുണ്ട്. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിങ്ങനെ വ്യത്യസ്ത വരവിനങ്ങളിലെ കളക്ഷൻ തുകകൾ ഒന്നിച്ചു ഈ ഹെഡിൽ സ്വീകരിക്കുന്നതിനാൽ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ അഡ്വാൻസ് കളക്ഷൻ സംബന്ധിച്ച രേഖപ്പെടുത്തലുകൾ ചേർക്കാത്തതിനാലും 318381 രൂപ കളക്ഷൻ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. Schedule B8: Other Liabilities (3504101) Advance Collection Of Revenues എന്നതിലെ 699241 രൂപ നീക്കിയിരിപ്പിന്റെ കൃത്യതയും ഉറപ്പുവരുത്താനായില്ല.

**അഡ്വാൻസ് പേയ്മെന്റ്**

തൻ വർഷം റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് P23-Advances Made 4605002 Advance To Implementing Agencies എന്ന ഹെഡിൽ 991954 രൂപ വിവിധ ഏജൻസികൾക്ക് പേയ്മെന്റ് അനുവദിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ. ഗ്രൗണ്ട് വാട്ടർ എന്നിങ്ങനെയുള്ള ഏജൻസികൾക്ക് നൽകുന്ന തുകകൾ ഒന്നിച്ചു ഈ ഹെഡിൽ ബുക്ക് ചെയ്യുന്നതിനാൽ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ അഡ്വാൻസ് സംബന്ധിച്ച രേഖപ്പെടുത്തലുകളുടെ കൃത്യത

പരിശോധിക്കാൻ സാധിച്ചിട്ടില്ല. Schedule B18: Loans, Advances And Deposits 4605002 Advance To Implementing Agencies എന്നതിലെ 23,40,6257 രൂപ നീക്കിയിരിപ്പിന്റെ കൃത്യതയും ഉറപ്പുവരുത്താനായില്ല.

## 1-1-10 അഡ്വാൻസ് റ്റു അദേഴ്സ് എന്നതിലെ കൃത്യത ഉറപ്പുവരുത്താനായില്ല

ബാലൻസ് ഷീറ്റ് ബി-18 അഡ്വാൻസ് റ്റു അദേഴ്സ് ( 4605099 ) എന്നതിൽ 100,000 രൂപ നൽകിയതിന്റെ വിവരം ലഭ്യമല്ല. ഇതിനാൽ, ഓരോ വർഷം മേൽ ഹെഡിൽ 100,000 രൂപ നീക്കിയിരിപ്പ് വരുന്നു.

## 1-1-11 യഥാർത്ഥത്തിൽ വരവ്, ചെലവ് ആകാത്ത തുകകൾ രസീറ്റ് ആന്റ് പേയ്മെന്റ് പത്രികകയിൽ ഉൾപ്പെടുത്തി

2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് ) ചട്ടങ്ങൾ ചട്ടം 62 ഡി പ്രകാരം കാഷ് അടിസ്ഥാനത്തിലുള്ള പണം കൊടുക്കലും വാങ്ങലും ആണ് വാർഷിക ധനകാര്യപത്രികയിൽ രസീറ്റ് ആന്റ് പേയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2025-26 വർഷത്തിൽ വിവിധ ഗ്രാന്റ് ഇനങ്ങളിൽ അലോട്ട്മെന്റ് ലഭിച്ച തുക **₹ 5,55,97,171** മുഴുവനായി **(R17-4315004, R17-4315005, R17-4315007, R17-4315008, R17-4315009(Part))** റസിപ്റ്റ് & പെയ്മെന്റ് പത്രികയിൽ വരവായും, ചെലവഴിക്കാതെ ലാപ്സ് ആയ **84,19,903** രൂപ **(P-17 3504018) Refund Payable** എന്ന ഹെഡിൽ ചെലവായും അക്കൗണ്ട് ചെയ്തത് വഴി വരവ് ചെലവുകളിൽ യഥാർത്ഥത്തിൽ ലഭിക്കാത്ത /ലാപ്സായ തുക ₹ **8419903** വരവായും ചെലവായും കാണിക്കുന്നതിന് ഇടയായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫണ്ട് ഇനം | അലോട്ട്മെന്റ് തുക | R17ൽ വരവായി അക്കൗണ്ട് ചെയ്ത തുക | ഗ്രാമ പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിച്ച തുക/ ഗ്രാമ പഞ്ചായത്ത് യഥാർത്ഥത്തിൽചെലവഴിച്ച തുക | P17ൽ ചെലവായി അക്കൗണ്ട് ചെയ്ത തുക (3504018 – Refund Payable) |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് ജനറൽ | 22645873 | 22645873 | 22644363 | 1510 |
| 2 | വികസന ഫണ്ട് SCP | 5782743 | 5782743 | 5766945 | 15798 |
| 3 | മെയിന്റനൻസ് ഫണ്ട് റോഡ് | 18268000 | 18268000 | 12423194 | 5844806 |
| 4 | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 8220000 | 8220000 | 6154211 | 2065789 |
| 5 | CFC- ടൈഡ് (ട്രഷറി അലോട്ട്മെന്റ് മാത്രം) | 680555 | 680555 | 188555 | 492000 |
| | | **55597171** | **55597171** | **47177268** | **8419903** |

കുറിപ്പ് : യഥാർത്ഥത്തിൽ ഗ്രാമ പഞ്ചായത്ത് ചെലവഴിച്ച തുകയാണ് (47177268) റസീപ്റ്റ് & പേയ്മെന്റിൽ വരവായും ചെലവായും രേഖപ്പെടുത്തേണ്ടത്.

## 1-2 ബജറ്റ്

| 2025-26 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | (പുതുക്കിയത്) തീരുമാന നമ്പർ./ തിയ്യതി |
|---|---|
| 1(1), 24/03/2025 | 12, 16/02/2026 |

## 1-3 ധനകാര്യ വിശകലനം

ധനകാര്യപത്രിക (AFS-RP പത്രിക പ്രകാരമുള്ള വിവരങ്ങൾ)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 66106651 |
| വരവ് | 186371699 |
| ആകെ | 252478350 |
| ചെലവ് | 183532165 |
| നീക്കിയിരിപ്പ് | 68946185 |

## 1-4 ഫണ്ട് വിനിയോഗം 2025-26 (ACR പ്രകാരം)

**(എ)**

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ലാപ്സായ തുക/ നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 22645873 | 22645873 | 22644363 | 1510 |
| വികസന ഫണ്ട് (എസ്.സി.പി) | | 5782743 | 5782743 | 5766945 | 15798 |
| വികസനഫണ്ട് (ടി.എസ്.പി) | | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 18268000 | 18268000 | 12423194 | 5844806 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 8220000 | 8220000 | 6154211 | 2065789 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 10546328 | 4136555 | 14682883 | 4204682 | 10478201 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 5805525 | 5767478 | 11573003 | 3100066 | 8472937 |

**(ബി) (AFS – I-14(D) പ്രകാരം)**

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 103910900 | 103910900 | 103910900 | 0 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ % |
|---|---|---|---|---|---|---|
| 328 | 190194166 | 208 | 93248006 | 0 | 120 | 63.41 |

**പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ**

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2807 | 1228427 | 1231234 | 1223326 | 7908 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 12287537 | 12287537 | 12287537 | - |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി വേതനം | 2274600 | 95 |
| വിധവാപെൻഷൻ | 29847100 | 1401 |
| വാർദ്ധക്യകാലപെൻഷൻ | 56076500 | 2755 |
| വികലാംഗപെൻഷൻ | 11142300 | 533 |
| വിവാഹ ധനസഹായം | 90000 | 3 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള സഹായം | 651400 | 32 |
| സ്ത്രീ സുരക്ഷ പദ്ധതി | 3829000 | 2104 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.07.2026 ന് 12.30 PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ **23412/-** രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട

പോരായ്മകൾ ചുവടെ ചേർക്കുന്നു.
1. പൂർത്തീകരിച്ച നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനവും പദ്ധതി മോണിറ്ററിംഗും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.
3. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഫിറ്റ്നസ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൻമേൽ നടപടി സ്വീകരിച്ചിട്ടില്ല.
4. പട്ടിക ജാതി വിദ്യാർത്ഥികളുടെ മെറിറ്റോറിയസ് സ്കോളർഷിപ്പ് വിതരണ രജിസ്ററർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
5. പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതുമൂലം 2025-26 സാമ്പത്തിക വർഷത്തിൽ മെയ്റ്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ 5844806 രൂപയും, മെയ്റ്റനൻസ് ഗ്രാന്റ് നോൺ റോഡ് ഇനത്തിൽ 2065789 രൂപയുമുൾപ്പെടെ ആകെ 79.10 ലക്ഷം രൂപയുടെ ഫണ്ട് ലാപ്സായി.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| എ.ജി ഓഡിറ്റ് | 17.08.2017 മുതൽ 29.08.2017 വരെ | 2012-13 മുതൽ 2016-17 വരെ | 10.10.2017 |
| പെർഫോമൻസ് ഓഡിറ്റ് | 12.12.2022 | 11/2022 | 12.12.22 |

## 1-11 ഹരിത കർമ്മസേനാംഗങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 24 വാർഡുകളിലായി 38 പേർ ഹരിത കർമ്മസേനയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ, എം.സി.എഫിൽ എത്തിക്കുന്ന വേസ്റ്റ് തരംതിരിക്കുന്നതിന് ഏഴുപേരെ കൂടി ഹരിത കർമ്മസേന കൺസോർഷ്യം വഴി നിയമിച്ചിട്ടുണ്ട്. എന്നാൽ, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഹരിത കർമ്മസേനാംഗങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. 01.10.2024 പ്രാബല്യത്തിൽ സ.ഉ.(സാധാ) നം. 1149/2024/LSGD, തീയതി. 27.06.2024 പ്രകാരം തൊഴിൽ നികുതി പരിഷ്കരിച്ചിട്ടുണ്ട്. ഇത് പ്രകാരം അർദ്ധവാർഷിക വരുമാനം ₹12,000 ഉണ്ടെങ്കിൽ 320 രൂപ തൊഴിൽ നികുതി ഇനത്തിൽ ഈടാക്കേണ്ടതായിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഹരിത കർമ്മസേനയ്ക്ക് ഹരിത കർമ്മസേന കൺസോർഷ്യത്തിന്റെ ഭാഗമായി റീസൈക്ലിംഗ് വേസ്റ്റ് ക്ലീൻ കേരള കമ്പനിയ്ക്ക കൈമാറുന്ന ഇനത്തിലും യൂസർ ഫീ, ആക്രി വിറ്റ ഇനത്തിലും സംരഭം ഇനത്തിലുമുള്ള വരുമാനങ്ങൾ സേനാംഗങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഹരിത കർമ്മസേന കൺസോർഷ്യന്റെ മീറ്റിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ ഏകദേശം 8000 രൂപ മുതൽ 18,000 രൂപ വരെ വരുമാനം ഓരോ മാസവും സേനാംഗങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഹരിത കർമ്മസേനാംഗങ്ങളിൽ നിന്ന് വരുമാനത്തിനനുസൃതമായി നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് ഈയിനത്തിൽ വരുമാനനഷ്ടം സംഭവിച്ചിട്ടുണ്ട്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/30-07-2026) ഹരിത കർമ്മസേനാംഗങ്ങളിൽ നിന്ന് വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-12 ഇലക്ഷൻ ഡെപ്പോസിറ്റ് തുക തനത് ഫണ്ടിലേക്ക് കണ്ടുകെട്ടിയില്ല

2025 ലെ ഗ്രാമ പഞ്ചായത്ത് ഇലക്ഷനുമായി ബന്ധപ്പെട്ട് 127 പേർ മത്സരിക്കുന്നതിന് നോമിഷേൻ ഫീ ഇനത്തിൽ 234000 രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ, തൻവർഷം ഇലക്ഷൻ വരണാധികാരിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരിച്ചുകൊടുത്തത് 178,000 രൂപയാണ്. ശേഷിക്കുന്ന 56000 രൂപ തനത് ഫണ്ടിൽ അവശേഷിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടിയില്ല. മുൻ വർഷങ്ങളിലെ ഇലക്ഷൻ ഡെപ്പൊസിറ്റ് ഇനത്തിൽ 111500 രൂപ മുന്നിരിപ്പായി ബാലൻസ് ഷീറ്റ് (B7 – 3402006 Election Deposit(Candidate)) കാണിച്ചിട്ടുണ്ട്. മേൽ തുക നാളിതു വരെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. ഡെപ്പോസിറ്റ് തുകകൾ 3 വർഷ കാലാവധി കഴിഞ്ഞാൽ കാലഹരണപ്പെട്ട് പോകുന്നതിനാൽ അത്തരം തുകകളിൻ മേൽ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/31-07-2026) ഇലക്ഷൻ ഡെപ്പോസിറ്റ് ഹെഡിലുള്ള 167500 രൂപ അഡ്ജസ്റ്റ്മന്റ് ജേണൽ എൻട്രി പ്രകാരം തനത് ഫണ്ടിലേക്ക് കണ്ടുകെട്ടി എന്ന് അറിയിച്ചു. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-13 വട്ടപൊന്ത എം.ഇ.എസ് സെൻട്രൽ സ്കൂളിൽ നിന്ന് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

28.03.2023ലെ നമ്പർ 15(2) എൽ.ഇ.ജി എ2/2023/നിയമം സർക്കാർ വിജ്ഞാപനം (2023 ലെ 18-ാം ആക്ട്) പ്രകാരം അൺഎയിഡഡ് സ്കൂളുകൾ ഉൾപ്പടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (സർക്കാർ, എയ്ഡഡ് ഒഴികെ) കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബി.എ വകുപ്പ് പ്രകാരം അനുവദിച്ച് വന്നിരുന്ന വസ്തുനികുതിയിളവ് 01.04.2023 പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുള്ളതാണ്. ആയതിനാൽ സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകൾക്ക് 2023 ഏപ്രിൽ 1 മുതൽ വസ്തു നികുതി ബാധകമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ വട്ടപൊന്ത എം.ഇ.എസ് സെൻട്രൽ സ്കൂൾ (3/383) ന് 2013 പ്രാബല്യത്തിൽ 4,587 രൂപ വാർഷിക നികുതി നിർണ്ണയിച്ചെങ്കിലും ടാക്സ് എക്സംപ്ഷൻ കാറ്റഗറിയിൽ ഉൾപ്പെടുത്തിയതിനാൽ ടാക്സ് ഡിമാന്റ് ചെയ്തു വരുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/01-08-2026) നടപ്പു സാമ്പത്തിക വർഷം വരെയുള്ള കാലയളവിലെ നികുതി 20763 രൂപ ഈടാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ് എന്ന്

അറിയിച്ചു. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14 ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശരിയായ പ്ലിന്ത് ഏരിയ വസ്തു നികുതി കണക്കിൽ ഉൾപ്പെടുത്തിയില്ല

ഗ്രാമ പഞ്ചായത്തിലെ സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകുന്നതുമായി ബന്ധപ്പെട്ട അസി.എഞ്ചിനീയറുടെ ഫയൽ പരിശോധിച്ചതിൽ നിലവിലെ പല സ്കൂളുകൾക്കും നിലവിലുള്ള സ്കൂളിന്റെ ഏരിയ പൂർണ്ണമായും പഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് അസി.എഞ്ചിനീയർക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 13 സ്കൂളുകളുടെ ലിസ്റ്റും യഥാർത്ഥ പ്ലിന്ത് ഏരിയ സഹിതം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് 28-05-2024 ലെ 51/AE/LID&EW/KNM/2024 കത്ത് പ്രകാരം തുടർനടപടി സ്വീകരിക്കുന്നതിന് അസി.എഞ്ചിനീയർ കൈമാറുകയുണ്ടായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം | സ്കൂളിന്റെ പേര് (ബിൽഡിംഗ് നമ്പർ) | യഥാർത്ഥ പ്ലിന്ത് ഏരിയ | അസസ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള പ്ലിന്ത് ഏരിയ |
|---|---|---|---|
| 1 | MHMAUP സ്കൂൾ കിളിനക്കോട് (5/291.291B) | 662.66 | 111.54 |
| 2 | ചാക്കീരി അഹമ്മദ് കുട്ടി മെമ്മോറിയൽ ജി.എം.യു.പി സ്കൂൾ, ചേറൂർ (9/280,281,282,283A,B,C) | 2915.88 | 4118 |
| 3 | ജി.എം.എൽ.പി.എസ്, ചേറൂർ (9/529) | 207.57 | 342 |
| 4 | ജി.എൽ.പി.സ്കൂൾ, കണ്ണമംഗലം (15/156) | 311.53 | 100 |
| 5 | ഗവ. എൽ.പി സ്കൂൾ, എടക്കാപ്പറമ്പ് (16/394,395,396,396A,397) | 651.77 | 852 |
| 6 | എ.യു.പി സ്കൂൾ, എടക്കാപ്പറമ്പ് (16/373,373A,B,C, 374,375) | 1218.02 | 1530.09 |
| 7 | ജി.എം.എൽ.പി.എസ്, നൊട്ടപ്പുറം (12/276,277) | 970.80 | 206 |
| 8 | PPTMYHSS സ്കൂൾ, ഹൈസ്കൂൾ, ചേറൂർ (9/146,146A,B,C) | 5310.91 | 3050.40 |
| 9 | PPTMYHSS, ചേറൂർ (ഹയർ സെ.സ്കൂൾ) (9/141,142) | 2129.19 | 1000 |
| 10 | ജി.എൽ.പി സ്കൂൾ കിളിനക്കോട് (5/360,360A,361) | 625.67 | 353.52 |
| 11 | ജി.എം.യു.പി സ്കൂൾ കണ്ണമംഗലം (14/167,168,169,170,171) | 1038.47 | 829.50 |
| 12 | എ.എം.എൽ.പി സ്കൂൾ, തോട്ടശ്ശേരിയറ (20/404,405,407) | 1111.96 | 120 |
| 13 | ഐഡിയൽ ഹയർ സെക്കന്ററി സ്കൂൾ, ധർമ്മഗിരി, കണ്ണമംഗലം (3/514,515) | 1997.60 | 1670 |

മേൽ വിഷയം 29-05-2024 ന് ചേർന്ന ഭരണസമിതിയുടെ അടിയന്തര യോഗം പരിഗണിക്കുകയും സ്കൂൾ കെട്ടിടത്തിന് ഫിറ്റനസ് നൽകാതെ വരുന്നത് വഴി ഒട്ടനവധി അധ്യാപകരുടെ ശമ്പളം തടയപ്പെടുന്ന സാഹചര്യവും കുട്ടികളുടെ

പഠനം തടസ്സപ്പെടുന്ന സാഹചര്യവും ഉണ്ടാവാൻ ഇടയുണ്ടെന്നും വസ്തുനികുതി രജിസ്റ്ററിൽ നമ്പർ രേഖപ്പെടുത്തിയിട്ടുള്ളതും നാളിതുവരെ ഫിറ്റ്നസ് നൽകി വരുന്നതുമായ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് അനുവദിക്കുന്നതിന് അസി. എഞ്ചിനീയറോട് അഭ്യർത്ഥിക്കുന്നതിന് യോഗം ഐക്യകണ്ഠേന തീരുമാനിക്കുകയും അടുത്ത നാലുമാസത്തിനുള്ളിൽ വസ്തു നികുതി നിർണയ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തുന്നതിന് നടപടി കൈകൊള്ളുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഐഡിയൽ ഹയർ സെക്കന്ററി സ്കൂൾ, ധർമ്മഗിരി, കണ്ണമംഗലം (3/514,515) എന്ന സ്ഥാപനത്തിന്റെ പ്ലിന്ത് ഏരിയ കെ-സ്മാർട്ടിൽ പരിശോധിച്ചപ്പോൾ 1670 തന്നെയാണ് ഇപ്പോഴും ഉള്ളത് എന്ന് ബോധ്യപ്പെട്ടു. സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകൾക്ക് 2023 ഏപ്രിൽ 1 മുതൽ വസ്തു നികുതി ബാധകമാക്കിയിട്ടുണ്ട്. ഇതിനാൽ 327.6 ച.മീറ്റർ വിസ്തീർണത്തിന്റെ നികുതി നഷ്ടമാകുന്നുണ്ട്. മറ്റുള്ള കെട്ടിടങ്ങളുടെ പ്ലിന്ത് ഏരിയ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/01-08-2026) മറുപടി ലഭ്യമാക്കിയില്ല.

## 1-15 മരച്ചീനി ഉൾപ്പെടെയുള്ള കിഴങ്ങ് വിള കൃഷി പ്രോത്സാഹനം പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ടിന്റെ പേര് : മരച്ചീനി ഉൾപ്പെടെയുള്ള കിഴങ്ങ് വിള കൃഷി പ്രോത്സാഹനം പദ്ധതി
പ്രോജക്ട് നമ്പർ : 16/2025-26

നിർവ്വഹണം : കൃഷി ഓഫീസർ

ആകെ അടങ്കൽ : ₹4,04,201 (വികസന ഫണ്ട് - പൊതുവിഭാഗം)

ചെലവ് തുക : ₹2,44,480 രൂപ (G-101006-25000774 തീ.31-12-2025)

കിഴങ്ങ് കൃഷി വ്യാപനം, സുരക്ഷിത കിഴങ്ങ് കൃഷി പ്രോത്സാഹനം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ചുരുങ്ങിയത് പത്ത് സെന്റ് മുതൽ അഞ്ച് ഏക്കർ വരെ കിഴങ്ങുവിള കൃഷി ചെയ്യുന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വിള ഇൻഷൂറൻസ് ചെയ്തതുമായ കർഷകർക്ക് ഹെക്ടറിന് പരമാവധി 20,000 രൂപ നിരക്കിൽ ആനുപാതിക സഹായം ചെയ്യുന്നതിന് രൂപീകരിച്ച പദ്ധതിയാണിത്. 20 പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയത്.

<u>പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.</u>

1. കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 08-08-2025 ലെ 1(5) നമ്പർ തീരുമാന പ്രകാരം 204 ഗുണഭോക്താക്കളായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, പദ്ധതി പ്രകാരം 20 പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയത്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 90% പേർക്കും ആനുകൂല്യം നൽകിയില്ല.

2. പദ്ധതിയ്ക്ക് വികസന ഫണ്ട് - പൊതുവിഭാഗം ഇനത്തിൽ ₹4,04,201 വകയിരുത്തിയെങ്കിലും ₹2,44,480 രൂപ മാത്രമാണ് ചെലവ് വന്നത്. 1,59,721 രൂപയുടെ പദ്ധതിപ്പണം ലാപ്സായി.

3. സ.ഉ (കൈ) നം.84/2022 ത.സ്വ.ഭ.വ തീയതി 19-04-2022 ഖണ്ഡിക 14 പ്രകാരം കൃഷിയും അനുബന്ധ മേഖലകളും വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി മോണിറ്ററിംഗിന് വിധേയമാക്കേണ്ടിയിരുന്നത്. എന്നാൽ, പ്രോജക്ടിൽ ഉൾകൊള്ളിച്ചിട്ടുള്ളത് പ്രകാരം ടി വർക്കിംഗ് ഗ്രൂപ്പ് ഈ പദ്ധതി മോണിറ്ററിംഗിന് ചെയ്തിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/30-07-2026) മറുപടി ലഭ്യമാക്കിയില്ല.

## 1-16 ഇടപാടുകൾ നടത്താത്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തില്ല

നിലവിൽ ഇടപാടുകൾ നടത്താത്ത തനത് ഫണ്ടിന് വേണ്ടി ഐ.സി.ഐ.സി.ഐ ബാങ്കിലെ കറന്റ് അക്കൗണ്ട് (268005500060) ക്ലോസ് ചെയ്തിട്ടില്ല. 31-03-2026 ലെ നീക്കിയിരിപ്പ് 5328 രൂപയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/01-08-2026) അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. അക്കൗണ്ട് ക്ലോസ് ചെയ്തതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-17 CMDRF ലേക്കുള്ള ഡോണേഷൻ അടവാക്കിയില്ല

ബാലൻസ് ഷീറ്റ് ബി-4 ലെ CMDRF ലേക്കുള്ള ഡോണേഷൻ 700 രൂപ ബന്ധപ്പെട്ട ഹെഡിൽ അടവാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/01-08-2026) 700 രൂപ CMDRF ലേക്ക് അടക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-18 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണം : അസി.സെക്രട്ടറി

പ്രൊജക്ടിന്റെപേര് : പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (70/2026)

അടങ്കൽ : 34,00000/-(20,00000എസ്.സി.പി, 14,00000 ജില്ലാ പഞ്ചായത്ത് വിഹിതം)

ആകെ ചെലവ് :28,70,000/- (19,45,000എസ്.സി.പി, 9,25,000 ജില്ലാ പഞ്ചായത്ത് വിഹിതം)

വൗച്ചർ നമ്പർ 1. 25000731/16.12.2025 ₹ 690000/-

2. 25000671/26.11.2025 ₹ 915000/-

3. 25001034/18.02.2026 ₹ 320000/-

4. 25001040/26.02.2026 ₹ 20000/-

5. 25000291/26.11.2025 ₹ 925000/- (ജില്ലാ പഞ്ചായത്ത് വിഹിതം)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)മാർഗരേഖ പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പതിനാലാം പദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ കൈ നം 115/2022 /LSGD/28.5.22) ഖ.നം 7.2.4 ഉത്തരവു പ്രകാരം സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് തുക നൽകാവുന്നതാണ്. സ്കോളർഷിപ്പ് തുക നൽകുന്ന വിദ്യാർത്ഥികളുടെ വിശദവിവരം, പഠിയ്ക്കുന്ന കോഴ്സിന്റെ പേര്, വർഷം ,കോഴ്സ്സ് ദൈർഘ്യം എന്നീ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2)സ്കോളർഷിപ്പ് തുക അധികമായി നൽകി.

ചുവടെ കൊടുക്കുന്ന വിദ്യാർത്ഥികൾക്ക് മേൽ ഉത്തരവു പ്രകാരം നിർണ്ണയിച്ച ധനസഹായ നിരക്കിനേക്കാൾ അധികരിച്ച് തുക നൽകി. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പഠിക്കുന്ന സ്ഥാപനം | കോഴ്സ് | അനുവദിച്ച തുക | അനുവദനീയമായ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| അനന്യ കെ ,കൊടിഞ്ഞൻ ഹൗസ്, ചെറൂർ | LBS സെന്റർ ഫോർ സയൻസ് & ടെക്നോളജി | DCAS (പ്ലസ് ടു വിന് ശേഷമുള്ള സർക്കാർ അംഗീകൃ ത റഗുലർ കോഴ്സ്) | 20000( വൗച്ചർ ക്രമ നമ്പർ 5 പ്രകാരം) | 15000 | 5000 |
| സ്നിയ കെ. കോട്ടാടൻ, എരണിപ്പടി കണ്ണമംഗലം | സർക്കാർ പോളിടെക്നിക് കോളേജ് മഞ്ചേരി | ഒന്നാം സെമസ്റ്റർ ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനിയറിംഗ് | 30000(വൗച്ചർ ക്രമ നമ്പർ 2 പ്രകാരം) | 20000 | 10000 |
| | | | | ആകെ | 15000 |

അപാകതകൾക്ക് വിശദീകരണം/രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിയ്ക്ക് (നമ്പർ 6/28.7.2026) ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് നിർദ്ദേശിച്ച് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും മേൽ രണ്ട് ഗുണഭോക്താക്കൾക്ക് നൽകിയ അധിക തുക ഈടാക്കുന്നതിന് ഗുണഭോക്താക്കൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചു. അധികം നൽകിയ 15000 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഗുണഭോക്താക്കളിൽ നിന്നും തിരികെ ലഭ്യമാകാത്ത പക്ഷം നഷ്ട തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## 1-19 വിവാഹ ധനസഹായം എസ് സി -₹30000 അധികം നൽകി

| | |
|---|---|
| പ്രോജക്ട് നം | 67/26 വിവാഹ ധനസഹായം എസ് സി |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 20,00,000/- ( വികസന ഫണ്ട് എസ്.സി.പി) |
| ചെലവ് | 17,50,000/- ( വികസന ഫണ്ട് എസ്.സി.പി) |
| വൗച്ചർ നമ്പർ/തീയതി/ തുക | 1) 25000324/22.08.2025 ₹3,75,000/-<br>2)25000526/28.10.2025 ₹5,00,000/-<br>3)25000870/31.01.2026 ₹6,25,000/-<br>4)25001032/28.02.2026 ₹1,25,000/-<br>5) 25000851/30.01.2026 ₹1,25,000/- |

പതിനാലാം പഞ്ച വത്സര പദ്ധതി സബ്സിഡി മാർഗ്ഗ രേഖ (സ.ഉ.(കൈ)115/22 ത.സ്വ.ഭ.വ തീ 28.05.2022) ഖണ്ഡിക 7.2.1 പ്രകാരം പട്ടിക ജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിന് വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ അപേക്ഷ സമർപ്പിക്കണം. കാലപരിധിക്കകം

അപേക്ഷിക്കാത്ത കേസുകൾ പ്രത്യേകം പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടർക്ക് അനുമതി നൽകാവുന്നതാണ്.

